# Malayala Manorama

## 20 August 2018

## Vatican City, Kerala Flood, Pope Francis, Support & Assistance

# കേരളത്തെ പിന്തുണയ്ക്കുക, സഹായിക്കുക: മാർപാപ്പ

വത്തിക്കാൻ സിറ്റി • ദുരന്തത്തിന് ഇരയായ കേരളത്തിലെ സഹോദരങ്ങൾക്കു പിന്തുണയും സഹായവും നൽകണമെന്നു രാജ്യാന്തര സമൂഹത്തോടു ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം.

‘‘സർക്കാരിന്റെയും പ്രാദേശിക സഭയുടെയും സന്നദ്ധ സേവകരുടെയും കൂടെ ഞാനുമുണ്ട്. കേരളത്തിലെ ജനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. പെരുമഴ ഉണ്ടാക്കിയ ജീവനാശവും വിളനാശവും വീടുകളുടെ നഷ്ടവും ഭീതിദമാണ്.

അതിനാൽ കേരളത്തിലെ സഹോദരങ്ങളെ രാജ്യാന്തര സമൂഹം സഹായിക്കണം. മരിച്ചവരുടെ ആത്മശാന്തിക്കായും കെടുതിയിൽ വേദനിക്കുന്ന എല്ലാവർക്കുംവേണ്ടി പ്രാർഥിക്കുന്നു.’’

ഇന്നലെ ഉച്ചയ്ക്കു പ്രാദേശിക സമയം 12ന് പതിവുള്ള ത്രികാല പ്രാർഥനയ്ക്കൊടുവിലാണു ഫ്രാൻസിസ് പാപ്പ കേരളത്തിലെ ജനങ്ങളോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ചത്.




വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഫ്രാൻസിസ് മാർപാപ്പയുടെ ഞായറാഴ്ച ശുശ്രൂഷയിൽ പങ്കെടുക്കാനെത്തിയവർ പ്രളയത്തിൽ മുങ്ങിയ കേരളത്തിനായി പ്രാർഥനയും സഹായവും തേടി പ്ലക്കാർഡുകൾ ഉയർത്തിയപ്പോൾ.